"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - ബഹു. കേരള ഹൈക്കോടതി മുമ്പാകെ ശ്രീ. ടി. വി. മുഹമ്മദാലി ഹാജി ഫയൽ ചെയ്ത WP(C) 18164/2022 നമ്പർ കേസിന്മേലുള്ള 26.08.2025-ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ചുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (പിബി) വകുപ്പ്**

സ.ഉ.(സാധാ) നം.793/2026/RD തീയതി,തിരുവനന്തപുരം, 29-03-2026

---

പരാമർശം:-

1. തിരൂർ ഡിവിഷണൽ ഓഫീസറുടെ 29.07.2010-ലെ എഫ്.1614/05 നമ്പർ നടപടിക്രമം.
2. തിരൂർ ഡിവിഷണൽ ഓഫീസറുടെ 27.04.2022-ലെ എഫ്-1614/05 നമ്പർ നടപടിക്രമം.
3. ബഹു. കേരള ഹൈക്കോടതി മുമ്പാകെ ശ്രീ. ടി. വി. മുഹമ്മദാലി ഹാജി ഫയൽ ചെയ്ത WP(C) 18164/2022 നമ്പർ കേസിന്മേലുള്ള 26.08.2025 തീയതിയിലെ വിധിന്യായം.
4. COC 210/2026 നമ്പരായി ബഹു. കേരള ഹൈക്കോടതി മുമ്പാകെ ശ്രീ. ടി. വി. മുഹമ്മദാലി ഹാജി ഫയൽ ചെയ്ത കോടതിയലക്ഷ്യ ഹർജ്ജി.
5. 23.02.2026 തീയതിയിലെ സ.ഉ.(സാധാ) നം. 414/2026/RD.
6. 16.03.2026 തീയതിയിലെ സ.ഉ.(സാധാ) നം. 747/2026/RD.
7. ബഹു. കേരള ഹൈക്കോടതി മുമ്പാകെ ശ്രീ. ടി. വി. മുഹമ്മദാലി ഹാജി ഫയൽ ചെയ്ത COC 210/2026 നമ്പർ കേസിന്മേലുള്ള 24.03.2026 തീയതിയിലെ ഇടക്കാല ഉത്തരവ്.

**ഉത്തരവ്**

മലപ്പുറം ജില്ലയിൽ, താനൂർ വില്ലേജിൽ, തൈവളപ്പിൽ ഹൗസിൽ അബൂബക്കർ മകൻ ശ്രീ. ടി. വി. മുഹമ്മദാലി ഹാജി എന്നയാളുടെ കൈവശത്തിൽ താനൂർ വില്ലേജിലെ സർവ്വെ നമ്പർ 313/3-ൽപ്പെട്ട 2 ഏക്കർ 13 സെന്റ് കൃഷി ഭൂമി സൂചന (1) പ്രകാരം വില്ലേജ് രേഖകളിൽ തോട്ടം എന്നാക്കി മാറ്റാൻ അനുമതി നൽകി നടപടിക്രമം പുറപ്പെടുവിച്ചിരുന്നു.

2. പ്രസ്തുത നടപടിക്രമത്തിന്മേൽ റവന്യൂ വകുപ്പിന്റെ ഇന്റലിജന്റ്സ് വിഭാഗം

മുഖേന അന്വേഷണം നടത്തി നടപടി കൈക്കൊള്ളണമെന്ന് വിജിലൻസ് വകുപ്പ് ശിപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ നടത്തിയ അന്വേഷണത്തിൽ പ്രസ്തുത നടപടിക്രമം പ്രകാരം പരാതിക്കാസ്പദമായ സ്ഥലത്ത് മാറ്റങ്ങളൊന്നും വരുത്തിയിട്ടില്ലെന്നും, പ്രസ്തുത വസ്തു അടിസ്ഥാന നികുതി രജിസ്റ്ററിൽ നിലം എന്നു തന്നെ രേഖപ്പെടുത്തിയിരിക്കുന്നുവെന്നും വിജിലൻസ് ഡെപ്യൂട്ടികളക്ടർ കണ്ടെത്തിയിരുന്നു. എന്നാൽ ടി നടപടിക്രമം നിലനിൽക്കുന്നതിനാൽ ആയത് റദ്ദാക്കുന്നതിന് മലപ്പുറം ജില്ലാ കളക്ടർക്ക് **20.03.2017**-ൽ സർക്കാരിൽ നിന്നും നിർദേശം നൽകിയിരുന്നു.

**3.** മേൽ നിർദേശത്തിന്റെ അടിസ്ഥാനത്തിൽ ഹർജ്ജിക്കാരനെ നേരിൽ കേൾക്കുന്നതിന് തിരൂർ ആർ. ഡി. ഒ. **14.03.2022, 08.04.2022** എന്നീ തീയതികളിൽ സമയം നിശ്ചയിച്ചു നൽകിയിരുന്നെങ്കിലും, പ്രസ്തുത തീയതികളിലൊന്നും കക്ഷി ഹാജരാകാതിരുന്നതിനെത്തുടർന്ന് കക്ഷിക്ക് ഒന്നും ബോധിപ്പിക്കുവാനില്ലെന്ന നിഗമനത്തിൽ സൂചന **(2)** പ്രകാരം **2010**-ലെ നടപടിക്രമം റദ്ദാക്കുന്നതിന് തിരൂർ റവന്യൂ ഡിവിഷണൽ ഓഫീസർ നടപടിക്രമം പുറപ്പെടുവിച്ചിരുന്നു.

**4.** പ്രസ്തുത നടപടിക്രമത്തിനെതിരെ ശ്രീ. റ്റി. വി. മുഹമ്മദാലി ഹാജി ബഹു. കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്തിരുന്ന **WP(C) 18164/2022** നമ്പർ കേസിന്മേലുള്ള സൂചന **(3)** വിധിന്യായം പ്രകാരം സൂചന **(2)** നടപടിക്രമവും, **20.03.2017** തീയതിയിലെ **19851**/ഡി**3**/**16**/റവ നമ്പർ കത്തും, ബഹു. കോടതി റദ്ദാക്കിയിരുന്നു. അതോടൊപ്പം **20.03.2017**-ലെ കത്തിനുനിദാനമായ എല്ലാ റിപ്പോർട്ടുകളും നൽകിക്കൊണ്ട് ഹർജ്ജിക്കാരനെ സർക്കാർ നേരിൽ കേൾക്കുന്നതിനും, നാലുമാസത്തിനകം തീരുമാനമെടുക്കുന്നതിനും ഉത്തരവായിരുന്നു.

**5.** സൂചന **(3)** വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ **29.01.2026**ന് റവന്യൂ (പി ബി) വകുപ്പ് അണ്ടർ സെക്രട്ടറി ഹർജ്ജിക്കാരനെ നേരിൽ കേൾക്കുകയും, അതിന്റെ അടിസ്ഥാനത്തിൽ സൂചന **(5)** ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. എന്നാൽ പ്രസ്തുത ഉത്തരവ് പുറപ്പെടുവിച്ചത് ഹർജ്ജിക്കാരന് കോടതി നിർദ്ദേശിച്ച പ്രകാരമുള്ള രേഖകൾ നൽകാതെയാണെന്ന് ആരോപിച്ചുകൊണ്ട് ഹർജ്ജിക്കാരൻ, ബഹു. ഹൈക്കോടതി മുമ്പാകെ **Contempt Case No. 210/2026** ഫയൽ ചെയ്യുകയും, പ്രസ്തുത കേസിന്മേലുള്ള **09.03.2026** തീയതിയിലെ വിധിന്യായത്തിൽ, സർക്കാർ പുറപ്പടുവിച്ച സുചന **(5)** ഉത്തരവ് റദ്ദാക്കുവാനും, ഹർജ്ജിക്കാരനെ വീണ്ടും നേരിൽ കേൾക്കുന്നതിനും കോടതി ഉത്തരവായിരുന്നു.

**6.** ടി വിധിന്യായം പാലിച്ചുകൊണ്ട് സൂചന **(5)** ഉത്തരവ് റദ്ദാക്കിക്കൊണ്ട് സൂചന **(6)** ഉത്തരവ് പുറപ്പെടുവിക്കുകയും, അതോടൊപ്പം ഹർജ്ജിക്കാരനെ റവന്യൂ (പി ബി) വകുപ്പ് അഡീഷണൽ സെക്രട്ടറി **23.03.2026** തീയതിയിൽ വീണ്ടും കേൾക്കുകയും ചെയ്തിരുന്നു. പരാതിക്കാസ്പദമായ ഭൂമിയിൽ **30** വർഷം പഴക്കമുള്ള

ഒരു വീടുണ്ടെന്നും, **2015**-ൽ നിർമ്മിച്ച ഒരു സ്കൂൾ പ്രവർത്തിക്കുന്നുണ്ടെന്നും, പ്രസ്തുത സ്കൂളിന് ബിൽഡിങ്ങ് പെർമിറ്റ് ലഭിച്ചിട്ടുണ്ടെന്നും, കൂടാതെ പ്രസ്തുത വസ്തുവിലൂടെ പഞ്ചായത്ത് അധികാരികൾ വെള്ളം ഒഴുകിപ്പോകുന്നതിനുള്ള ഒരു ചാൽ നിർമ്മിച്ചിട്ടുള്ളതായും ഹർജ്ജികക്ഷിയുടെ പ്രതിനിധി ടി ഹിയറിംഗ് വേളയിൽ അറിയിക്കുകയുണ്ടായി.

**7.** പ്രസ്തുത വിവരങ്ങളൊന്നും തഹസിൽദാരുടെ റിപ്പോർട്ടിലില്ലാത്തതിനാൽ പ്രസ്തുത ഭൂമിയുടെ നിലവിലെ അവസ്ഥ സംബന്ധിച്ചുള്ള റിപ്പോർട്ട് ലഭ്യമാക്കുന്നതിന് തിരൂർ വില്ലേജ് ഓഫീസറോട് ആവശ്യപ്പെട്ടിരുന്നു. തിരൂർ റവന്യൂ ഡിവിഷണൽ ഓഫീസറുടെ **29.07.2010**-ലെ നടപടിക്രമം **27.04.2022** തീയതിയിലാണ് റദ്ദ് ചെയ്തതെന്നും, അതിനാൽ ഹർജ്ജിക്കാരന് **1967**-ലെ കേരള ഭൂവിനിയോഗ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മറ്റാവശ്യങ്ങൾക്ക് ഭൂമി വിനിയോഗിക്കുന്നതിന് അവസരമുണ്ടായിരുന്ന അവസാന പ്രാബല്യത്തീയതിയായ **30.12.2017**-ന് മുമ്പ് കേരള ഭൂവിനിയോഗ ഉത്തരവ് പ്രകാരമുള്ള അപ്പീൽ സമർപ്പിക്കുന്നതിനോ, പരിഹാരമാർഗ്ഗം തേടുന്നതിനോ സാധിച്ചിരുന്നില്ലെന്നും, അതിനാൽ ബഹു. കോടതിയുടെ **26.08.2025** തീയതിയിലെ വിധിന്യായം കണക്കിലെടുത്തുകൊണ്ടും, അഡീഷണൽ തഹസിൽദാർ സമർപ്പിച്ച റിപ്പോർട്ടും, കെ. എസ്. ആർ. ഇ. സി. യുടെ റിപ്പോർട്ടും പരിഗണിച്ചുകൊണ്ടും ഈ വിഷയത്തിൽ അന്തിമതീരുമാനം കൈക്കൊള്ളണമെന്ന് ഹിയറിങ്ങ് വേളയിൽ ഹർജ്ജിക്കാരനുവേണ്ടി ഓൺലൈനായി ഹാജരായ വക്കീൽ അഭ്യർത്ഥിച്ചിരുന്നു.

**8.** സ്ഥലപരിശോധന നടത്തി താനൂർ വില്ലേജ് ഓഫീസർ ലഭ്യമാക്കിയ റിപ്പോർട്ട് പ്രകാരം പ്രസ്തുത ഭൂമി താനൂർ വില്ലേജിൽ ബ്ലോക്ക് **2**-ൽ റി.സ **186/33**, **186/35** എന്നിവയിൽ ഉൾപ്പെട്ടു കിടക്കുന്നതും, ബി.ടി.ആർ പ്രകാരം **186/35**-ന്റെ വിസ്തീർണ്ണം **53.67** ആർസും, **186/33**-ന്റെ വിസ്തീർണ്ണം **28.07** ആർസും ആണെന്നും ഇരു ഭൂമിയും നിലം വിഭാഗത്തിൽപെട്ടതും തണ്ടപ്പേർ നമ്പർ **121, 27** പ്രകാരം അബൂബക്കർ ഹാജി മകൻ മുഹമ്മദാലി, തൈവളപ്പിൽ വീട്, തെയ്യാല റോഡ്, താനൂർ എന്നാളുടെ പേരിൽ രേഖപ്പെടുത്തിയിട്ടുള്ളതുമാണെന്നും കാണുന്നു. ടി ഭൂമി ടിയാന്റെ കൈവശത്തിലുള്ളതും, താനൂർ-കാട്ടിലങ്ങാടി പബ്ലിക്ക് റോഡിന്റെ ഇരു വശത്തുമായി സ്ഥിതി ചെയ്യുന്നതുമാണെന്നും, ടി റോഡിന്റെ കിഴക്ക് ഭാഗത്ത് റീ സർവ്വെ **186/35** ൽ പെട്ട ഭൂമിയാണെന്നും, ടി ഭൂമിയിൽ സുമാർ **30** വർഷം പഴക്കമുള്ള കായ്ഫലമുള്ള **50** തെങ്ങും, ഒരു കിണറും, പമ്പ് ഹൗസും, **25** വർഷം പഴക്കമുള്ള ഒരു പുളി മരവും, ടി റീ സർവ്വെയുടെ വടക്ക് കിഴക്ക് ഭാഗത്ത് സുമാർ **16x10** മീറ്റർ വീതിയിലുള്ള നമ്പറിടാത്ത സുമാർ ആറ് വർഷം പഴക്കമുള്ള ഒരു കോൺക്രീറ്റ് വീടും, ടി റീ സർവ്വെഭൂമിയുടെ വടക്ക് ഭാഗത്ത് കിഴക്ക് പടിഞ്ഞാറായി വെള്ളം ഒഴുകി പോകുന്നതിനുള്ള ചാലും (ചില ഭാഗത്ത് വ്യക്തമല്ലാത്ത രൂപത്തിൽ മൂടിക്കിടക്കുന്നു), ആയതിന്റെ വടക്ക് ഭാഗത്ത് മുനിസിപ്പൽ റോഡും, ടി. റോഡിന്റെ വടക്ക് ഭാഗത്ത് വെള്ളം ഒഴുകി പോകുന്നതിന് മുനിസിപ്പാലിറ്റി നിർമ്മിച്ചിട്ടുള്ളതായ ഓടയും കാണുന്നുണ്ടെന്നും പ്രതിപാദിച്ചിട്ടുണ്ട്. പബ്ലിക്ക് റോഡിന്റെ പടിഞ്ഞാറെ

പൊളിയിൽ റീ സർവ്വെ **186/33** ൽ പെട്ട ഭൂമിയാണെന്നും, ടി ഭൂമിയിൽ സുമാർ മുപ്പത് വർഷം പഴക്കമുള്ള **10** തെങ്ങും, മുപ്പത് വർഷം പഴക്കമുള്ള ഒരു മാവും, ഒരു ഒരുനില കെട്ടിടവും, ഒരു ഇരുനില കെട്ടിടവും ഉള്ളതായും, ടി കെട്ടിടങ്ങളിൽ അൽ ഫിത്ര ഇസ്‌ളാമിക് പ്രീ സ്കൂൾ ആൻഡ് സ്കൂൾ ഓഫ് ഹോപ്പ് എന്ന് എഴുതിയിട്ടുള്ളതായും, ടി കെട്ടിടങ്ങളിൽ മദ്രസ്സ ആൻഡ് പ്രൈമറി സ്കൂൾ പ്രവർത്തിക്കുന്നതായും കാണുന്നുണ്ടെന്നും ടി റീ സർവ്വെയിൽ പെട്ട ഇരുനില കെട്ടിടത്തിന്റെ ഓഫീസ് റൂമിന്റെ ഡോറിന് മുകളിൽ താനൂർ നഗരസഭ **16/181** പ്രകാരമുള്ള കെട്ടിട നമ്പർ പതിച്ചിട്ടുള്ളതായും കാണുന്നുണ്ടെന്നും വില്ലേജ് ഓഫീസർ റിപ്പോർട്ട് ചെയ്തിരുന്നു.

**9.** ടി കെട്ടിടത്തിന്റെ ഉടമസ്ഥവകാശം, കെട്ടിടത്തിന് നമ്പർ നൽകിയ വർഷം എന്നിവയുടെ നിജസ്ഥിതി സംബന്ധിച്ച് താനൂർ നഗരസഭയിൽ ആരാഞ്ഞതിൽ ടി കെട്ടിടം തൈവളപ്പിൽ മുഹമ്മദാലി എന്നവരുടെ ഉടമസ്ഥതയിലുള്ളതാണെന്നും, ടി കെട്ടിടം സ്കൂൾ ആവശ്യത്തിനാണെന്നും താനൂർ നഗര സഭയുടെ ബിൽഡിംഗ് സർട്ടിഫിക്കറ്റ് പരിശോധിച്ചതിൽ ബിൽഡിംഗ് ഏജ് **09** വർഷം എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെന്നും, റീ സർവ്വെ **186/35** ഭൂമിയുടെ വടക്ക് ഭാഗത്തായി കാണുന്ന വെള്ളം ഒഴുകി പോകുന്നതിനുള്ള ചാൽ സ്വകാര്യ വെള്ളച്ചാൽ ആണെന്നും, ആയതിന്റെ വടക്ക് ഭാഗത്ത് മുനിസിപ്പൽ റോഡും, ആയതിന്റെ വടക്ക് ഭാഗത്തായി മുനിസിപ്പാലിറ്റി നിർമ്മിച്ചിട്ടുള്ളതായ വെള്ളം ഒഴുകി പോകുന്നതിനുള്ള ചാലും നിലവിൽ ഉള്ളതായും വില്ലേജ് ഓഫീസർ ചിത്രങ്ങൾ സഹിതം റിപ്പോർട്ട് ചെയ്തിരുന്നു.

**10.** ഈ വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. വർഷങ്ങൾക്ക് മുമ്പ് നികത്തപ്പെട്ട ഹർജ്ജിക്കാരന്റെ വസ്തു **(2008** നു മുമ്പ് തന്നെ) പൂർവ്വസ്ഥിതിയിൽ ആക്കുക എന്നത് നിലവിലുള്ള റിപ്പോർട്ടുകൾ പ്രകാരം തീർത്തും അപ്രായോഗികമായ നടപടിയാണെന്നു കാണുന്നു. കൂടാതെ നീണ്ടകാലയളവിനുശേഷം **29.07.2010**-ലെ നടപടിക്രമം റദ്ദാക്കിയതിനാൽ ഹർജ്ജിക്കാരന് **1967**-ലെ കേരള ഭൂവിനിയോഗ ഉത്തരവ് പ്രകാരമുള്ള അപ്പീൽ ആനുകൂല്യം ലഭിക്കുന്നതിന് സാധ്യതയില്ല. നിലവിൽ ബഹു. കോടതി **20.03.2017**-ലെ സർക്കാർ കത്തും, തിരൂർ ആർ. ഡി. ഒ.യുടെ **27.04.2022**-ലെ നടപടിക്രമവും റദ്ദ് ചെയ്തിട്ടുമുണ്ട്.

**11. 19.01.2026** തീയതിയിലെ **REV-P1/26/2021-REV** നമ്പർ സർക്കുലറിലെ **Clause 3** പ്രകാരം "**1967**-ലെ കേരള ഭൂവിനിയോഗ ഉത്തരവിലെ **Clause 6** പ്രകാരം ഏതെങ്കിലും ഭൂമി പരിവർത്തനം ചെയ്യുവാനോ, മറ്റാവശ്യങ്ങൾക്ക് വിനിയോഗിക്കുവാനോ **30.12.2017**-ന് മുമ്പ് അനുമതി ലഭ്യമാകുകയും, അത്തരം കേസുകളിൽ അതിനനുസൃതമായ മാറ്റങ്ങൾ ബന്ധപ്പെട്ട ഭൂരേഖകളിൽ **30.12.2017**-നോ അതിനുമുമ്പായോ വരുത്താതിരിക്കുകയും ചെയ്ത സാഹചര്യത്തിൽ അത്തരം ഭൂമിയുടെ നികുതി നിർണ്ണയം കേരള ഭൂനികുതി നിയമം വകുപ്പ് **6** എ

പ്രകാരമായിരിക്കണം" എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ടി ആനുകൂല്യം ഹർജ്ജിക്കാരന് നല്കാവുന്നതായി കാണുന്നു.

**12.** മേൽ സാഹചര്യത്തിൽ, ടി സ്ഥലത്തിലെ നിലവിലെ നീർച്ചാലുകൾ സംരക്ഷിച്ചുകൊണ്ടും മേൽ **19.01.2026** തീയതിയിലെ **REV-P1/26/2021-REV** നമ്പർ സർക്കുലറിന്റെ അടിസ്ഥാനത്തിൽ ഈ വിഷയം പരിശോധിച്ചു കൊണ്ടും, സൂചന മൂന്നിലെ കോടതി വിധി അന്തിമമായി പാലിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുന്നതിന് തിരൂർ റവന്യൂ ഡിവിഷണൽ ഓഫീസറെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

**12.** ഇപ്രകാരം ഉത്തരവ് പുറപ്പെടുവിച്ചുകൊണ്ട് സൂചന **(3)**-ലെ കോടതിവിധി യിലെ സർക്കാരിനോടുള്ള നിർദ്ദേശം നടപ്പിലാക്കിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഗീത എ ഐ എ എസ്
അഡിഷണൽ സെക്രട്ടറി

**1.** ശ്രീ. ടി. വി. മുഹമ്മദാലി ഹാജി, തൈവളപ്പിൽ ഹൗസ്, പരിയപുരം, താനൂർ, തിരൂർ, മലപ്പുറം - **676302**
**2.** അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം. (ആമുഖ കത്ത് സഹിതം)
**3.** ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
**4.** ജില്ലാ കളക്ടർ, മലപ്പുറം.
**5.** റവന്യൂ ഡിവിഷണൽ ഓഫീസർ, തിരൂർ.
**6.** ഡയറക്ടർ, വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
**7.** ഓഫീസ് കോപ്പി/ കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Jayalekshmi A C
Date: 30-03-2026 10:28:16
സെക്ഷൻ ഓഫീസർ

പകർപ്പ്:
റവന്യൂ വകുപ്പ് സെക്രട്ടറിയുടെ പി. എയ്ക്ക്.
റവന്യൂ (പി ബി) വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ പി. എയ്ക്ക്.